# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 24/01/14

## (21 RABI'UL AWWAL 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

ഭൂമുഖത്തുള്ള തന്റെ അനുയായികൾക്കെല്ലാം അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബർക്കാത്തുഹു പറഞ്ഞശേഷം, തശഹ്ഹുദ്, തഅവ്വുദ്, സൂറ, അൽഫാത്തിന ഓതിയശേഷം മുഹ്‌യിദ്ദീൻ ഇപ്രകാരം പറഞ്ഞു.

അബ്ദുല്ലാഹ് ഇബ്ന് മുഗഫ്ഫൽ (റ) റിപ്പോർട്ട് ചെയ്യുന്നു. ഒരാൾ വന്ന് വിശുദ്ധ പ്രവാചകനോട് പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. നബി (സ) പ്രതിവചിച്ചു. നിങ്ങൾ പറയുന്നതിനെകുറിച്ച് നിങ്ങൾക്ക് ജാഗ്രത ഉണ്ടായിരിക്കണം. അയാൾ പറഞ്ഞു നിശ്ചയമായും ഞാൻ അങ്ങയെ സ്നേഹിക്കുന്നു. ഇതദ്ദേഹം മൂന്ന് പ്രാവശ്യം ആവർത്തിച്ചു പറയുകയുണ്ടായി. വിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. നിങ്ങൾ യഥാർത്ഥത്തിൽ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, ദാരിദ്രത്തെ ഇഷ്ടപ്പെട്ടുകൊള്ളുക. കാരണം ദാരിദ്ര്യം, എന്നെസ്നേഹിക്കുന്നവനെ, വളരെ പെട്ടെന്ന്, എന്റെ അടുത്ത് എത്തിക്കുന്നു. ജലപ്രളയം അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനേക്കാൾ വേഗത്തിൽ . (തിർമിദി)

പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫ (സ) യുടെ കാലത്ത് ഇത്തരത്തിലുള്ള സ്നേഹം നിലനിന്നിരുന്നുവെങ്കിൽ, അതുപോലെ അല്ലാഹുവിന്റെ തൃപ്തിയെമാത്രം കാംക്ഷിച്ച്, ഒരു വിശ്വാസി, മറ്റൊരു വിശ്വസിയുമായി ഇത്തരത്തിലുള്ള സ്നേഹ ബന്ധം നിലനിർത്തിയിരുന്നു. ഏറ്റവും വലിയ സ്നേഹം ഒരു വിശ്വാസിക്ക് പ്രവാചക (സ) നോടായിരുന്നു. അതുപോലെ പ്രാവചക (സ) ന് വിശ്വാസികളോടുമായിരുന്നു. എന്നാൽ ഈ സ്നേഹത്തേക്കാളുപരി പ്രവാചകൻ (സ) സ്നേഹിച്ചിരുന്നത് അല്ലാഹു (ത) വിനെയാണ്. എന്നാൽ അല്ലാഹുവിന്റെ സ്നേഹം, അല്ലാഹുവിന്റെ സത്യമായ സ്നേഹം, ഏറ്റവും വലിയ സ്നേഹം, തന്റെ പ്രവാചക (സ) നോടായിരുന്നു. ആ സ്നേഹം കഴിഞ്ഞാൽ, പിന്നെ തന്റെ സൃഷ്ടികളോടാണ്, പ്രത്യേകിച്ച് തന്റെ നിഷ്ക്കളങ്ക ദാസന്മാരോട്.

നബി (സ) യ്ക്ക് അല്ലാഹുവിനോടുള്ള സ്നേഹം, നിഷ്കളങ്ക വിശ്വാസികൾക്ക് അല്ലാഹുവിനോടുള്ള സ്നേഹം, സത്യാന്വേഷികൾക്കു അല്ലാഹുവിനോടുള്ള സ്നേഹം, അല്ലാഹു ഇവർക്ക് പ്രദാനം ചെയ്യുന്ന അനുഗ്രഹങ്ങൾ ഒരിക്കലും നഷ്ടപ്പെടുത്തുവാൻ ആഗ്രഹിക്കുകയില്ല. ആയതിനാൽ ഇവരെല്ലാം എപ്പോഴും അല്ലാഹുമായി ചേർന്നു നില്ക്കുവാൻ, അല്ലാഹുവിന്റെ സ്നേഹത്തിൽ കഴിയുവാൻ, സദാ, സന്നദ്ധരായിരിക്കും.

ഈ സ്നേഹജോലി, അല്ലാഹുവിന്റെ തൃപ്തികാംക്ഷിച്ചു മാത്രം ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. പ്രത്യേകിച്ച് ഒരു വിശ്വാസിയുടെ ജീവിതത്തിൽ, അല്ലാഹുവിന്റെ ദൂതന്റെ ജീവിതത്തിൽ, അല്ലാഹുവിനോടുള്ള സ്നേഹം, മനുഷ്യകുലത്തോടുള്ള സ്നേഹം, അവന്റെ ജീവിതം ഈ സ്നേഹത്തിനായി അർപ്പണം ചെയ്യുവാൻ അവൻ തയ്യാറാകുന്നു. അവന്റെ സമയം ഈ സ്നേഹത്തിനായി ത്യാഗം ചെയ്യുന്നു. അവനെ ആരാധിക്കുവാനായി അവൻ രാത്രിയിൽ ഉണർന്നിരിക്കുന്നു. അങ്ങനെ ആകുമ്പോൾ അല്ലാഹു അവരെ വിപത്തുകളിൽ നിന്ന് രക്ഷിക്കുന്നു. അവരുടെ തെറ്റുകൾ അവർക്ക് മാപ്പ് ചെയ്യുന്നു.

ഈ പ്രവാചക വചനം വ്യക്തമാക്കുന്നത്, ഒരു വിശ്വാസിക്ക് പ്രവാചകനിൽ, തനിക്ക്, യഥാർത്ഥ സ്നേഹമുണ്ടെങ്കിൽ , തീർച്ചയായും അവൻ എല്ലാവിധ പരീക്ഷണങ്ങളിലൂടെയും കടന്നുപോകേണ്ടിവരുന്നതാണ്. എന്തുകൊണ്ടെന്നാൽ ദാരിദ്ര്യത്തിലൂടെയും, വേദനാ നിർഭരമായ പരീക്ഷണങ്ങളിലൂടെയും അല്ലാഹു അവനെ പരീക്ഷിക്കുന്നതാണ്. അവൻ പറഞ്ഞതൊക്കെ വെറുംവാക്കായിരുന്നുവോ, അതോ ആത്മാർത്ഥമായിട്ടായിരുന്നുവോ എന്നറിയാൻ അതുകൊണ്ടാണ് പ്രവാചക പ്രഭു (സ) തന്നോട് പറഞ്ഞ മനുഷ്യനോട് പറഞ്ഞത് താങ്കൾ സൂക്ഷിച്ചുവേണം വാക്കുകൾ പറയുവാൻ (അദ്ദേഹം പറഞ്ഞു ഞാൻ പ്രവാ

ചകനെ സ്നേഹിക്കുന്നുവെന്ന്) നിങ്ങൾ യഥാർത്ഥത്തിൽ പ്രവാചകനെ സ്നേഹിച്ചു വെങ്കിൽ നിങ്ങൾ ദാരിദ്ര്യത്തിലൂടെ മുന്നോട്ടുപോകുവാൻ തയ്യാറാകേണ്ടിവരും. മറ്റാരെക്കാളും മുമ്പേ വളരെ പെട്ടെന്ന് ലക്ഷ്യത്തിലെത്തുവാൻ ഒരു വിശ്വാസിയെ ദാരിദ്ര്യം സഹായിക്കുന്നു. പ്രവാചകൻ (സ) അതിനായി ഉപ യോഗിച്ച ഉപമ കുത്തിഒലിച്ച് ഒഴുകുന്ന വെള്ളം അതിന്റെ ലക്ഷ്യത്തിലെത്തുന്നതിനു മുമ്പായി, ദരിദ്രന് തന്റെ ലക്ഷ്യത്തിലെത്തുവാൻ സാധിക്കുന്നതാണ് എന്നാണ്.

ഇക്കാരണത്താലാണ്, പ്രവാചകപ്രഭു (സ) ദാരിദ്ര്യവുമായി വളരെയധികം ചേർന്ന് നിന്നിരുന്നതായി നാം കാണുന്നത്. വ്യക്തിപരമായി വളരെ ലളിതമായ ഒരു ജീവിത രീതിയാണ് അദ്ദേഹം തെരഞ്ഞെടുത്ത ത്. ക്ഷാമവും, പ്രയാസവും നിറഞ്ഞതായിരുന്നു ആ ജീവിതം. ആയതിനാൽ ദൈവീക സ്നേഹത്താൽ തന്റെ ആത്മാവ് സമ്പന്നമായിരുന്നു. അതുകൊണ്ട് തന്നെ അല്ലാഹു അദ്ദേഹത്തിനായി തന്റെ അനന്ത സ്നേഹത്തിന്റെയും മോക്ഷത്തിന്റെ വാതിൽ തുറന്നിടുകയുണ്ടായി. അങ്ങനെ എതൊരാൾ മുഹമ്മദ് മുസ്തഫ (സ) യുടെ മാതൃക പിൻപറ്റുന്നുവോ, തീർച്ചയായും അവൻ അല്ലാഹുവിന്റെ സാമീപ്യത്താൽ അനുഗ്രഹീതനാകും, കാരണം അവൻ അല്ലാഹുവിനോടും അവന്റെ പ്രവാചകൻ (സ) നോടുമുള്ള സ്നേഹ ത്തിലാണ്. തന്റെ ശരീരം കൊണ്ടും, തന്റെ ധനം കൊണ്ടും, തന്നെ തന്നെയും അവൻ അല്ലാഹുവി ന്റെയും പ്രവാചകന്റെയും സ്നേഹത്തിന്നായി സമർപ്പിക്കുന്നു. ത്യാഗം ചെയ്യുന്നു. തന്റെ ആത്മാവ് അന്വേ ഷിക്കുന്ന ആത്മീയ നന്മ നിശ്ചയമായും അല്ലാഹു അവന് പ്രദാനം ചെയ്യുന്നു. ഈ ഭൗതിക ശരീരം തത്ക്കാ ലത്തേക്കും, ക്ഷണികവുമാണ്. യഥാർത്ഥ സത്തയും, ഉദ്ദേശ്യവും വ്യക്തമാകുന്നതുവരെ അല്ലാഹു തന്റെ ദാസന്മാരെ പരീക്ഷിച്ചുകൊണ്ടിരിക്കും. അല്ലാഹുവിനെയും അവന്റെ ദൂതനെയും അവർ യഥാർത്ഥ ത്തിൽ സ്നേഹിക്കുമ്പോൾ അവർ ഇസ്ലാമിന്റെ ശ്രേഷ്ഠരായ പടയാളികളായി തീരുവാൻ തയ്യാറായിരിക്കും. അപ്പോൾ അവർ എല്ലാവിധ പ്രയാസങ്ങളിലൂടെയും കടന്നുപോകുവാൻ പ്രപ്തരാകും അപ്പോൾ അവർക്ക് അല്ലാഹുവിന്റെ സ്നേഹവും, തൃപ്തിയും കൊയ്തെടുക്കുവാൻ കഴിയും. അതുപോലെ പ്രവാചക (സ) ന്റെ സന്തോഷവും സ്നേഹവും ആർജിക്കുവാൻ അവർക്ക് കഴിയും ഒരു വിശ്വസിയുടെ യഥാർത്ഥ ധനം ഇതാകുന്നു. തന്റെ വിശ്വാസം ആ സ്നേത്തിനായി ദാഹിക്കുന്നു. അത് അല്ലാഹു അവന് വർധിപ്പിച്ചുകൊ ടുക്കുന്നു. അങ്ങനെ അവൻ അല്ലാഹുവിന്റെ മാത്രമായി മാറുന്നു. ആ സ്നേഹത്തിലൂടെ, ഒരു യഥാർത്ഥ മനുഷ്യൻ, അല്ലാഹുവിന്റെതായിതീരുന്നു. അവന്റെ പ്രവാചകന്മാരുടെതായിതീരുന്നു. അവന്റെ ഗ്രന്ഥങ്ങ ളുടേതായിതീരുന്നു അവന്റെ മാലാഖമാരുടേതായി തീരുന്നു.

അങ്ങനെ ആ വിശ്വാസിയുടെ പാത തുറക്കപ്പെടുന്നു. തന്റെ മുന്നിലുള്ള പാത അവന് നിഷ്പ്ര യാസം കാണാൻ കഴിയുന്നു. തന്റെ ആത്മാവിന്റെ പാത പ്രകാശ പൂരിതമായിരിക്കും. അങ്ങനെ അവൻ അല്ലാഹുവിലേക്ക് നടന്നടുക്കുന്നു. അപ്പോൾ അവന് ഇഹലോകത്ത് താൻ നേരിട്ട എല്ലാ പ്രയാസങ്ങളും ഒന്നുമല്ലാതായി തീരുന്നു.

ആയതിനാൽ വാക്കുകളും പ്രവർത്തികളും രണ്ടു വ്യത്യസ്തകാര്യങ്ങളാണ്. നിങ്ങൾ എന്തെങ്കിലും ഉരുവിടുമ്പോൾ, പ്രത്യേകിച്ച് ആത്മീയതയുമായി ബന്ധപ്പെട്ടകാര്യങ്ങൾ, അപ്പോൾ നിങ്ങൾ പ്രതീക്ഷിച്ചു കൊള്ളണം. നിങ്ങൾ പറഞ്ഞകാര്യത്തെപറ്റി അല്ലാഹു നിങ്ങളെ പരീക്ഷണ വിധേയമാക്കുന്നതാണ് എന്ന്. ഉദാഹരണത്തിന് നിങ്ങൾ പറയുന്നു നിസ്സഹകരണം പാടില്ല. പ്രസംഗങ്ങളിൽ നിങ്ങൾ അപ്രകാരം ഉപദേ ശിക്കുന്നു. പ്രസംഗങ്ങൾക്ക്ശേഷം മറ്റുള്ളവർക്ക് നിസ്സഹരണം അവസാനിപ്പിക്കാവുന്നതാണ്. എന്നാൽ നിങ്ങൾ നിസ്സഹരണത്തിന് എതിരാണെങ്കിൽ പറഞ്ഞ നിങ്ങളാണ് അതു ആദ്യം പ്രാവർത്തികമാക്കികാണി ക്കേണ്ടത്. നിങ്ങളുടെ തന്നെ പ്രവർത്തിയിലൂടെ, ഉദാഹരണങ്ങളിലൂടെ നിങ്ങൾ ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ കാണിക്കേണ്ടതാണ്.

ഇപ്പോൾ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ പ്രവാചകന്മാരെയും സ്നേഹിക്കുന്നു എന്നു പറ യുകയാണെങ്കിൽ, തീർച്ചയായും പ്രവാചകപ്രഭുവായ മുഹമ്മദ് മുസ്തഫ (സ) യെയും, നിങ്ങളുടെ നൂറ്റാണ്ടിലേക്ക് അല്ലാഹു നിയോഗിച്ച ദൂതനെയും സ്നേഹിക്കണം. അല്ലാഹുവിനെയും അവന്റെ ദൂത നെയും നിഷ്കളങ്കമായ രീതിയിൽ സ്നേഹിക്കുന്നുവെങ്കിൽ അത് അല്ലാഹു നിങ്ങളിൽ നടത്തുന്ന പരീക്ഷണങ്ങളിലൂടെ വ്യക്തമാക്കുന്നതാണ്. വെറും പൊള്ളയായ വാക്കാണോ നിങ്ങൾ ഉരുവിട്ടതെന്ന് പരീക്ഷിക്കപ്പെടുന്നു. അപ്രകാരമാണ് പറഞ്ഞതെങ്കിൽ നിങ്ങൾ സ്വയം വിഡ്ഢികളാവുകയാണ്.നിങ്ങ

ളുടെ ചുറ്റുപാടുമുള്ള വിശ്വാസികളെ വിഡ്ഢിളാക്കുവാൻ ശ്രമിക്കുകയാണ്.

ആയതിനാൽ, ഓരോ മുസ്‌ലിം വിശ്വാസിയും, പ്രത്യേകിച്ച് ഇപ്പോഴത്തെ, ഈ നൂറ്റാണ്ടിലെ, ദൈവീക ദൃഷ്ടാന്തത്തെ കാത്തുസൂക്ഷിക്കുന്നതിന്, അല്ലാഹുവിലുള്ള തന്റെ വിശ്വാസത്തെയും സ്നേഹത്തെയും സംരക്ഷിക്കുന്നതിന്, ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതാണ്. നിങ്ങൾ മനസ്സിലാക്കണം പരീക്ഷണങ്ങൾക്കു മേൽ പരീക്ഷണങ്ങൾ നിങ്ങളുടെ മേൽ പതിക്കുന്നതാണ്. നിങ്ങൾ ആത്മാർത്ഥ മായി ഉറച്ചു നിന്നാൽ, പ്രവാചക പ്രഭുവായ മുഹമ്മദ് (സ) നെയും അനുയായികളേയും പോലെ ആയി ത്തീരുക. അപ്പോൾ നിങ്ങൾക്ക് അല്ലാഹുവിലേക്കുള്ള പാത നിഷ്പ്രയാസം തുറക്കപ്പെടുന്നതാണ്. അല്ലാ ഹുവിന്റെ അവകാശപ്പെട്ട ആത്മാവിനെ അല്ലാഹു അതിന്റെ സമയം ആസന്നമാകുമ്പോൾ നിങ്ങളിൽനിന്നും മടക്കിഎടുക്കുന്നതാണ്. അപ്പോൾ നിങ്ങളുടെ അധരങ്ങളിൽ മന്ദസ്മിതം പൊഴിയുന്നതാണ്, നിങ്ങളുടെ ആത്മാവ് സന്തുഷ്ടമായിരിക്കും. നിങ്ങളെ ആവരണം ചെയ്യുന്ന ദൈവീക സ്നേഹവും പ്രകാശവും അക്ഷമയോടെ നിങ്ങളെ സ്വീകരിക്കുവാൻ കാത്തിരിക്കുകയാണ്. നിങ്ങൾ ഈ ലോകത്ത് താത്ക്കാലിക മാണ് എന്നത് നിങ്ങൾ ഒരു നിമിഷവും മറക്കരുത്. നിങ്ങളുടെ യഥാർത്ഥ സന്തോഷം അല്ലാഹു ആകുന്നു.

നിങ്ങളോരോരുത്തരും ഈ സത്യം മനസ്സിലാക്കുകയും, നിങ്ങളുടെ ഓരോദിവസവും അല്ലാഹുവി നുവേണ്ടി അർപ്പണം ചെയ്യുകയും, അല്ലാഹുവിന്റെ തൃപ്തിക്കായി നിങ്ങൾ ജോലിചെയ്യുകയും ചെയ്യു ക. നിങ്ങൾ ഇഷ്ടപ്പെടുന്നതോ ഇഷ്ടപ്പെടാത്തതോ എന്തും വരട്ടെ, നിങ്ങൾ വിശ്വസിക്കുന്നു എന്നു പറ യുകയാണെങ്കിൽ, അല്ലാഹുവിൽ വിശ്വാസം ഉണ്ട് എന്നു പറയുകയാണെങ്കിൽ, അല്ലാഹുവിനേയും അവന്റെ ദൂതനേയും സ്നേഹിക്കുന്നു എന്നു പറയുകയാണെങ്കിൽ, നിങ്ങൾക്ക് വളരെയധികം പരീക്ഷണ ങ്ങൾ അല്ലാഹുവിൽനിന്നും വരുന്നതാണ്. നിങ്ങൾ മനസ്സിലാക്കുക അല്ലാഹു നിങ്ങൾക്കായി തയ്യാറാക്കിയ ഈ പരീക്ഷകളിൽ നിങ്ങൾ വിജയിക്കുകയാണെങ്കിൽ, അപ്പോൾ നിങ്ങൾ അനന്തമായ സൗഭാഗ്യത്തിലായി രിക്കും. ഇൻഷാ അല്ലാഹ് ഈ സത്യം മനസ്സിലാക്കുവാനുള്ള സൗഭാഗ്യം അല്ലാഹു നിങ്ങൾക്ക് എല്ലാവർക്കും നല്കട്ടെ. നിങ്ങൾ അല്ലാഹുവിനുവേണ്ടി ഉള്ളവരാവുക. നിങ്ങളിൽ നിന്നും അല്ലാഹുവിന് വലിയ പ്രതീക്ഷകളൊന്നുമില്ല. നിങ്ങൾ ഈ ലോകത്ത് ജീവിക്കുന്നു. എന്നാൽ(ഒരു വ്യവസ്ഥ ഉണ്ട്) നിങ്ങൾ അവനെ മറക്കരുത്. മനുഷ്യൻ അവനെ മറക്കുമ്പോഴെല്ലാം, അല്ലാഹു അവനെ കുറിച്ച്, ഓർമ്മിപ്പിക്കുവാ നായി, അവന്റെ പ്രതിനിധിയെ ഭൂമിയിലേക്കയയ്ക്കുന്നു. അവനെ ആരാധിക്കുവാനായി അവനോട് മാത്രം പ്രാർത്ഥിക്കുവാനായി കല്പിക്കുവാനും പൊയ് ദൈവങ്ങളുടെ പുറകെ പോകാതെ താക്കീതുചെയ്യുന്ന തിനുമായിട്ടാണ് അത്തരം ദൂതൻമാരെ നിയോഗിക്കുന്നത്.

അല്ലാഹുവിനെ പ്രതിഫലമായി ലഭിക്കത്തക്കവണ്ണം, നമ്മൾ തെരഞ്ഞെടുത്തപാത, അനുഗ്രഹപ്ര ദമാക്കിത്തരട്ടെ! നമ്മളെ എല്ലാവരെയും അവൻ അനുഗ്രഹിക്കട്ടെ. അല്ലാഹുവിൽ നിന്നു മാത്രമാണ് നമ്മുടെ സന്തോഷവും പ്രതിഫലവും നമുക്ക് ലഭിക്കുന്നത്. അവനാണ് നമ്മെ ശക്തിപ്പെടുത്തുന്നതും വിജയത്തി ലേയ്ക്ക് നയിക്കുന്നതും. നമ്മുടെ മേൽ അവൻ ചൊരിയുന്ന പ്രകാശത്താലാണ്, അവൻ നല്കുന്ന പരീക്ഷണങ്ങളെ നിസ്സാരങ്ങളാക്കി മാറ്റി അവന്റെ സംതൃപ്തി നേടുവാൻ നമ്മെ പ്രാപ്തമാക്കുന്നതും. ഇൻശാ അല്ലാഹ് - ആമീൻ.

Translated & Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*